**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2624** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2003 -ൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം), 2012 -ൽ സംഘടിപ്പിച്ച എമർജിങ് കേരള എന്നീ നിക്ഷേപ പരിപാടികൾ തുടർപ്രവർത്തനങ്ങളും പരിശോധനകളുമില്ലാതെ പരാജയപ്പെട്ടപ്പോൾ കൃത്യമായ ആസൂത്രണവും കഠിനാധ്വാനവും ഏകോപനവും ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തെ വ്യത്യസ്തമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | വൻകിട നിക്ഷേപങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുവാനും, അതുവഴി കേരളത്തിലെ തൊഴിൽ അവസരങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുവാനും, കേരളത്തിലെ വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും കേരള സർക്കാർ വർഷങ്ങളായി പലവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇവയിൽ ഉൾപ്പെടുന്ന പ്രധാന ഉച്ചകോടി/സമ്മേളനങ്ങളായിരുന്നു 2003 -ൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം), 2012 -ൽ സംഘടിപ്പിച്ച എമർജിങ് കേരള എന്നീ നിക്ഷേപ പരിപാടികൾ. ടി നിക്ഷേപ സംഗമത്തിലെ തുടർ പ്രവർത്തനങ്ങളിലെ പോരായ്മകൾ പഠിച്ചുകൊണ്ട് കൃത്യമായ ആസൂത്രണ പാടവത്തോടെ ആവിഷ്കരിച്ചതായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.<br><br>2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വഴി ലഭിച്ച എല്ലാ താൽപര്യപത്രങ്ങളും സർക്കാർ വിലയിരുത്തുകയും ഇവ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള വിപുലമായ ഒരു റോഡ്മാപ്പ് ആരംഭഘട്ടത്തിൽ രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരം തിരിക്കുകയും ചെയ്തിരുന്നു.<br><br>നിലവിൽ 100 കോടി വരെ മൂല്യമുള്ള നിക്ഷേപ താൽപര്യ പത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തു വരുന്നത്. 100 കോടിയും അതിനു മുകളിലും വരുന്ന നിക്ഷേപ താൽപര്യ പത്രങ്ങളുടെ നോഡൽ ഏജൻസിയായി കെഎസ്ഐഡിസിയാണ് പ്രവർത്തിക്കുന്നത്. |

വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു.

ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താല്പര്യ പത്രങ്ങളിൽ നടത്തുന്ന ഫോളോ അപ്പുകൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും ആക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യ പത്രങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യ പത്രവുമായി ബന്ധപ്പെട്ട്, നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും, വിവിധ അനുമതികൾക്കായി നിക്ഷേപകർ അതാത് വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും, അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്.

കൂടാതെ, താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഘടനാപരമായ നിരീക്ഷണം ഏറ്റെടുക്കുന്നതിനും, സുഗമമായ പദ്ധതി നിർവ്വഹണത്തിനാവശ്യമായ
സൗകര്യമൊരുക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ ക്രോഡീകരിക്കുന്നതിനും വേണ്ടി, സർക്കാർ 30-04-2025 ലെ G.O.(Rt) നമ്പർ 459/2025/ID പ്രകാരം ഒരു ഉപദേശക സമിതിക്ക് രൂപം നല്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടർ കൺവീനറായുള്ള ഈ സമിതിയിൽ, ബഹു. വ്യവസായ വകുപ്പ് മന്ത്രി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായ വകുപ്പ്) വൈസ് ചെയർമാനും, വ്യവസായ വാണിജ്യ ഡയറക്ടർ, മാനേജിങ് ഡയറക്ടർ കിൻഫ്ര, വിവിധ വ്യവസായ സംഘടനകളുടെ പ്രതിനിധികൾ, ബോർഡ് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്.

കൂടാതെ നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി, പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയ പരിഷ്കാരങ്ങളുടെ സമഗ്രമായ ഒരു ഡോസിയർ തയ്യാറാക്കുകയും, ബഹു. മുഖ്യമന്ത്രിയുടെ

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷതയിൽ 19.06.2025-ൽ ചേർന്ന ഉന്നതതല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ വ്യവസായ വകുപ്പ് മുന്നോട്ട് വെച്ച 22 നയപരിഷ്കാരങ്ങൾ അംഗീകരിക്കുകയും, ആറെണ്ണം കൂടുതൽ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടിയുടെ നിക്ഷേപവും, 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്.<br><br>ഈ നിക്ഷേപ സംഗമം വഴി നാളിതുവരെ 1.80 ലക്ഷം കോടി രൂപയുടെ 449 -ഓളം ധാരണ പത്രങ്ങൾ സർക്കാരിന് ലഭിക്കുകയും ഇവയുടെ വികസനം നിലവിൽ വിവിധ ഘട്ടങ്ങളിലായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | ഇൻവെസ്റ്റ് കേരള ഉച്ചകോടി മൂന്ന് വർഷത്തിലൊരിക്കൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ആഗോള നിക്ഷേപകരുടെ അഭ്യർത്ഥന മാനിച്ച് ഉച്ചകോടി പ്രതിവർഷം നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുമോ; | (ബി) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കുന്ന ഇടവേളകളെ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.<br><br>നിലവിൽ, ഇതിനകം ലഭിച്ചിട്ടുള്ള താല്പര്യ പത്രങ്ങളെ യാഥാർത്ഥ്യ പദ്ധതികളാക്കി മാറ്റുന്നതിനും നിക്ഷേപകർക്കും സംരംഭകർക്കും ആവശ്യമായ എല്ലാ പിന്തുണയും നൽകുന്നതിനുമാണ് സർക്കാർ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. |
| (സി) | വ്യാവസായിക രംഗത്ത് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പരിഷ്കരണങ്ങളുടെ ഫലമായി നിക്ഷേപക സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും നിക്ഷേപകരെ കേരളത്തിലേക്കു ആകർഷിക്കുവാനും, കേരള സർക്കാർ പലവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അവയിൽ എടുത്തു പറയാവുന്ന ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ - നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം |

| | | | |
|---|---|---|---|
| | | | എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>വ്യവസായ നയം കൂടാതെ ആധുനിക സാങ്കേതികതയിൽ അധിഷ്ഠിതമായ ഗ്ലോബൽ ക്യാപബിലിറ്റി സെന്റർ, കൃത്രിമ ബുദ്ധി, ഗ്രാഫീൻ തുടങ്ങിയ മേഖലകളിൽ കരട് നയങ്ങൾ രൂപീകരിക്കുകയും ഇവ നിലവിൽ പരിഗണനയിലുമാണ്. കയറ്റുമതി പ്രോത്സാഹന നയം, ഇ.എസ്.ജി. നയം, ലോജിസ്റ്റിക്സ് പാർക്ക് നയം എന്നിവ ഇതിനോടകം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നവീന വ്യവസായത്തെ കേരളത്തിലേക്ക ആകർഷിക്കുവാനും അവയെ പ്രോത്സാഹിപ്പിക്കുവനായി ഹൈടെക് മാനുഫാക്ചറിങ് നയവും അംഗീകരിച്ചിട്ടുണ്ട്.<br><br>ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാന സൗകര്യങ്ങൾ, യോജിച്ച ബിസിനസ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തുമെന്നതും ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾ കൂടുതലായി വരുന്നതിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ